Rao Bahadur T. K. Nayar]
There is an increase in the expenditure under the "diet of prisoners" of last year. The abnormal increase in the number of prisoners in the jails during the latter part of the year 1122 and partially the increase in the cost of dietary articles have been the reason for the rise in the expenditure. An additional allotment of Rs. 721 has therefore become necessary under "19—Jails—1. Central Jail—Supplies and Services—Diet of prisoners" for the year 1122.

Mr. President : The question is that Government be granted a sum of Rs. 721 under "19—Jails (1122) 1—Central Jail—Supplies and Services—Diet of Prisoners".

Demand put and carried

(3) "20—Law and Justice—(c) Criminal Justice

Rao Bahadur T. K. Nayar *(Prime Minister):* I move that an amount of Rs. 3,500 under "20—Law and Justice—(c) Criminal Justice" be granted.

Consequent on the appointment of the Special Magistrate, for the trial of the cases arising out of the incidents at Rajendra Maidan and other cases, an additional allotment of Rs. 3,500 under the following heads under "20—Law and Justice—(c) Criminal Justice" has become necessary.

1.	Temporary Establishment	..	Rs. 1,566
2.	Dearness allowance	..	Rs. 708
3.	Purchase and Repair of Furniture	..	Rs. 1,000
4.	Postage charges	..	Rs. 6
5.	Office expenses	..	Rs. 60
6.	Service labels	..	Rs. 60
7.	Miscellaneous	..	Rs. 100

Mr. P. Govinda Menon *(Ernakulam):* The question may be taken up after lunch.

The House rose for lunch at 1-30 p.m. and reassembled at 2-30 p.m. with the Hon'ble President in the Chair.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഞാൻ ഇതിനെ എതിർക്കാനുള്ള കാരണം വളരെയധികം വിശദീകരിയ്ക്കാതെതന്നെ ഈ സഭയ്ക്ക് അറിയാവുന്നതാണ്. കഴിഞ്ഞ തുലാമാസം ഫ്രാൻസ്- രാജേന്ദ്രമൈതാനത്തുണ്ടായ സംഭവത്തെക്കുറിച്ച് ഒരു പ്രത്യേക വിചാരണ ചെയ്യുന്നതിനായി ഒരു കോടതിയേയോ, അല്ലെങ്കിൽ ഒരാളേയോ, പ്രത്യേകം നിയമിയ്ക്കാൻവേണ്ടിയാണ് ഈ പണം. അങ്ങിനെ ഒരു കോടതിയെ നിയമയ്ക്കേണ്ട ആവശ്യമുണ്ടെന്നു് എനിക്കഭിപ്രായമില്ല. ഈ കേസു നടത്തുന്നതു തന്നെ തെറ്റാണെന്നാണ് എന്റെയും, ഞാൻ പ്രതിനിധീകരിക്കുന്ന പാർട്ടിയുടേയും അഭിപ്രായം. അപ്പോൾ ഈ കേസു പിൻവലിയ്ക്കണം, അവിടെ നടന്ന സംഭവങ്ങളെക്കുറിച്ച് ഒരന്വേഷണം നടത്തണം; ഇതാണ ആവശ്യം. ഈ ആവശ്യങ്ങൾ അങ്ങിനെ നിലനില്ക്കുന്നിടത്തോളം കാലം ഈ പ്രത്യേക കോടതിയ്ക്കുവേണ്ട പണം അനുവദിക്കുന്നതു ശരിയായിരിക്കുകയില്ലായെന്നു ഞാൻ കരുതുന്നു. രാജേന്ദ്ര മൈതാന സംഭവത്തെപ്പറ്റിയുള്ള കേസുകൾ പിൻവലിയ്ക്കാതിരിക്കുന്നതു് ഇന്നത്തെ ഗവണ്മെണ്ടിന്റെ പേരിൽ ഒരു വലിയ അപരാധമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എത്രതന്നെ ശക്തിയോടുകൂടി ഇതിനെതിരായി ഗവണ്മെണ്ടു നിലകൊണ്ടാലും, എത്രതന്നെ വാശിയോടുകൂടി ഇതിനെതിരായി പരിശ്രമിച്ചാലും, ഈ കേസു ഒരുകാലത്തു ഗവണ്മെണ്ടു പിൻവലിക്കേണ്ടിവരുമെന്നും പിൻവലിയ്ക്കുമെന്നും ആണ് എന്റെ വിശ്വാസം. ഇതു ജനപ്രതിനിധികളുടെ ആവശ്യവും, അപേക്ഷയുമനുസരിച്ചു പിൻവലിക്കുകയാണെങ്കിൽ അതു ഗവണ്മെണ്ടിനു് അന്തസ്സുണ്ടു നന്നു്. എന്നു മാത്രമല്ല, കഴിഞ്ഞ ഒരു സന്ദർഭത്തിൽ ഈ കാര്യത്തെക്കുറിച്ചു് ഒരു അന്വേഷണം വേണമെന്നു പറഞ്ഞപ്പോൾ എന്റെ സുഹൃത്തു്, ബഹുമാനപ്പെട്ട പ്രധാനമന്ത്രി, പ്രസ്താവിച്ചതു്, രാജേന്ദ്രമൈതാന സംഭവത്തെക്കുറിച്ചു് ഒരു അന്വേഷണം നടത്തുകയാണെന്നുണ്ടെങ്കിൽ പോലീസിന്റെ Morale പോകും എന്നാണു്. എനിയ്ക്കതിൽ അത്ഭുതംതന്നെയുണ്ടായി. കഴിഞ്ഞ വൃശ്ചികമാസം ഡന്റ-ാന്റെ- യാണു പ്രധാനമന്ത്രി ഇങ്ങിനെ ഒരു പ്രസംഗം ചെയ്തതു്. ഒരു വലിയ അത്ഭുതം എന്നതന്നെ പറയട്ടെ, അദ്ദേഹം ഇവിടെ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന ആ സന്ദർഭത്തിൽതന്നെ മദ്രാസു നിയമസഭയിൽ ഇതേ വിഷയത്തെക്കുറിച്ചു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

വാദപ്രതിവാദം നടന്നിരുന്നു. ഇവിടെ ഈ സംഗതിയെക്കുറിച്ചു കഴിഞ്ഞ വൃശ്ചികമാസം 24-ാംതീ വാദപ്രതിവാദം നടത്തിക്കൊണ്ടിരിക്കുമ്പോൾ ഗോദാവരി ജില്ലയിൽ ഒരു മീറ്റിംഗിൽ കുറെ പോലീസ്സുകാരും പട്ടാളക്കാരും ചെയ്ത അക്രമത്തെക്കുറിച്ചു മദ്രാസ്സ് നിയമസഭയിൽ വാദപ്രതിവാദം നടത്തുകയും ആ കാര്യത്തെക്കുറിച്ചു് അന്വേഷിക്കാൻ ഒരു ടൈബ്യൂണലിനെ നിയമിക്കുകയും ചെയ്തു. മദ്രാസ് കൌൺസിലിൽ അവിടത്തെ ഹോം മെമ്പറായ ഡോക്ടർ സുബ്ബരായൻ ഈ വിഷയത്തെക്കുറിച്ചു് അവിടെ പറഞ്ഞ തരത്തിലുള്ള മറുപടിയായിരുന്നില്ല ശ്രീമാൻ ടി. കെ. നായർ ഇവിടെ പറഞ്ഞതു്. അവിടെ പോലീസ്സുകാർ അക്രമംനടത്തിയതിൽ അക്ഷേപമുണ്ടെന്നു പറഞ്ഞപ്പോൾ അതിനെക്കുറിച്ചു അന്വേഷണം നടത്തേണ്ടതു ഗവണ്മെണ്ടിന്റേയും, പോലീസിന്റേയും, ജനങ്ങളുടേയും നല്ല പേരിനു് അത്യാവശ്യമാണെന്നു അദ്ദേഹം പറയുകയും അപ്പോൾതന്നെ അവിടെവച്ചു മൂന്നു പേരടങ്ങിയ—ഒരു ഡിസ്ട്രിക്ടു് ജഡ്ജി പ്രസിഡണ്ടായും, രണ്ടു അന്യോദ്യോഗസ്ഥന്മാർ അംഗങ്ങളായുമുള്ള—ഒരു ടൈബ്യൂണലിനെ നിയമിക്കുകയും ചെയ്തു. ഈ വസ്തുത ഒരേ തിയ്യതിയിൽ, ഒരേ പേജിൽ മദ്രാസിൽനിന്നു പുറപ്പെടുന്ന മെയിൽ പത്രത്തിലും, ഹിന്ദു പത്രത്തിലും, എക്സ്പ്രസ്സു് പത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ടു്. കൊച്ചി നിയമസഭയിൽ നടന്ന വാദപ്രതിവാദത്തിന്റെ റിപ്പോർട്ടു് പ്രസിദ്ധീകരിച്ചു അതേ പേജിൽ തന്നെ മദ്രാസിലെ ഹോം മിനിസ്റ്റർ പോലീസിന്റെ അക്രമങ്ങളെക്കുറിച്ചു അന്വേഷണം നടത്താൻ ഒരു ടൈബ്യൂണൽ നിയമിച്ച വിവരവും പ്രസ്താവിച്ചിട്ടുണ്ടു്. അതിനാൽ ഈ കേസു പിൻവലിക്കണമെന്ന വാദത്തെ പ്രധാനമന്ത്രി തിരസ്കരിച്ചതിലും, ഒരു അന്വേഷണം വേണമെന്ന ആവശ്യത്തെ അദ്ദേഹം തിരസ്കരിച്ചതിലും ഞങ്ങൾക്കു വളരെ അത്ഭുതം ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് രാജേന്ദ്രമൈതാന സംഭവത്തെക്കുറിച്ചുള്ള കേസുകൾ പിൻവലിയ്ക്കണം, ആ സംഭവത്തെക്കുറിച്ചു അന്വേഷണം നടത്തണം, ഈ രണ്ടാവശ്യങ്ങൾ ഞങ്ങൾ വച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം ഈ പ്രത്യേക കോടതിക്കുവേണ്ട പണം അനുവദിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ല. എന്നതന്നെയല്ല, രാജേന്ദ്രമൈതാന സംഭവത്തെക്കുറിച്ചുള്ള കേസു പിൻവലിക്കുന്നില്ലായെന്നുണ്ടെങ്കിൽ അതിനെക്കുറിച്ചു വിചാരണചെയ്യാൻ ഒരു പ്രത്യേക മുൻസിഫോ, ഒരു പ്രത്യേക കോടതിയൊ വയ്ക്കുണ്ട ആവശ്യമെന്താണെന്നു മനസ്സിലാകുന്നില്ല. ഇന്നത്തെ മന്ത്രിമാർ അധികാരം ഏറ്റെടുത്തതിനുശേഷം രാജേന്ദ്രമൈതാന സംഭവത്തെക്കുറിച്ചു് ഒരു അന്വേഷണം വേണമെന്ന വാദം നാട്ടിൽ നടന്നുകൊണ്ടിരുന്ന അവസരത്തിൽ അതിനു് ഒരു ജൂഡീഷ്യൽ എങ്കുയറി വയ്ക്കുന്നതാണെന്നു മന്ത്രിമാരോടു് അടുത്തു പെരുമാറുന്ന ചിലു വക്താക്കളും, പത്രങ്ങളും പറയുകയുണ്ടായി. ജൂഡീഷ്യൽ എങ്കുയറിയാണു് മിസ്റ്റർ ജോജ്ജു് പാറക്കലിനെ പ്രത്യേക മജിസ്ട്രേട്ടായി നിയമിച്ചതു് എന്നപോലും വാദിക്കുന്നതിനു പലരും ശ്രമിക്കുന്നുണ്ടു്. അതു ശരിയല്ല. ഈ സ്പെഷൽ മജിസ്ട്രേട്ടു് ചെയ്യുന്നതു മറ്റൊരുതെങ്കിലും മജിസ്ട്രേട്ട ചെയ്യുന്നതുപോലെ കേസു വിചാരണചെയ്യുക മാത്രമാണു്. അതിനെയാണു് ഞങ്ങൾ ആക്ഷേപിക്കുന്നതു്. ഈ സ്പെഷൽ മജിസ്ട്രേട്ടിനെ വച്ചതുകൊണ്ടു കൊച്ചിയിലെ ജൂഡീഷ്യറിയിൽ ഒരു ഉദ്യോഗസ്ഥനെ കൂടി നിയമിക്കാനുള്ള അവസരമുണ്ടായി എന്നുള്ളതല്ലാതെ മറ്റു യാതൊരു മാറ്റവും ഇതുകൊണ്ടുണ്ടായില്ലായെന്നാണു് എനിയ്ക്കു തോന്നുന്നതു്. മിസ്റ്റർ പാറക്കലിനെ സ്പെഷൽ മജിസ്ട്രേട്ടായി വച്ചപ്പോൾ ഒരു മുൻസിഫിന്റെ ഉദ്യോഗം ഒഴിവുവന്നു. അതിലേക്കു് ഒരു മജിസ്ട്രേട്ടിനെ പ്രമോട്ടുചെയ്തപ്പോൾ, ഒരു മജിസ്ട്രേട്ടിന്റെ ഉദ്യോഗം ഒഴിവുവന്നു. ആ മജിസ്ട്രേട്ടിന്റെ ഒഴിവിലേയ്ക്കു മറ്റൊരാളെ ഉദ്യോഗത്തിൽ വയ്ക്കാൻ സാധിച്ചു. ഞാൻ വ്യക്തികളെ ആക്ഷേപിക്കുകയല്ല ചെയ്യുന്നതു്. ഇതല്ലാതെ അതുകൊണ്ടു യാതൊരു ഗുണവുമുണ്ടായിട്ടില്ല. രാജേന്ദ്രമൈതാന സംഭവത്തെക്കുറിച്ചുള്ള കേസുകൾ വിചാരണചെയ്യുന്നതിനു് ഒരു പ്രത്യേകകോടതി വയ്ക്കുണ്ട കാര്യമുണ്ടെന്നു എനിയ്ക്കു തോന്നുന്നില്ല. രാജേന്ദ്രമൈതാനത്തു തല്ലു് ഉണ്ടായിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ, മറ്റെതെങ്കിലും കാര്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ, അതിനെക്കുറിച്ചു ഈ നാട്ടിലെ സാധാരണ കോടതിതന്നെ വിചാരണ നടത്തിയാൽ മതി. അങ്ങിനെ നോക്കുമ്പോൾ ഒന്നുകൊണ്ടും ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല. ഞാൻ ഇതിനെ എതിർക്കുന്നു.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: "Special Magistrate for the trial of the cases arising out of incidents at Rajendra Maidan and other cases." ഇതിൽ പറയുന്ന other cases എന്താണെന്നറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ: കൌൺസിലിന്റെ മുമ്പിൽ പ്രകടനം നടത്തിയതി നെ സംബന്ധിച്ച് ചില കേസ്സുകളും ഉണ്ട്; അതാണ്.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Is the Court has begun to function and is it sitting from day to day.

Rao Bahadur T. K. Nayar *(Prime Minister)*: Yes.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ, ഈ ധനാഭ്യർത്ഥനയെ എതിർത്തു് എന്റെ മാന്യസ്നേഹിതൻ പ്രതിപക്ഷനേതാവു ചെയ്ത പ്രസംഗത്തോട് യോജിക്കുവാൻ ഞാൻ യാതൊരു വഴിയും കാണുന്നില്ല. അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം ഇതാണ്, രാജേന്ദ്രമൈതാന സംഭവത്തെപ്പറ്റി ഒരു അന്വേഷണോദ്യോഗസ്ഥനെ നിയമിക്കണം, രാജേന്ദ്രമൈതാന സംഭവത്തെപ്പറ്റിയുള്ള കേസുകളും എടുക്കരുതു്, ഇതാണ് അദ്ദേഹം പ്രതിനിധീകരിക്കുന്ന കക്ഷിയുടെ ഉറച്ചനില. ഈ നില ഇരിക്കുന്നിടത്തോളം കാലം തങ്ങൾക്ക, ഈ കേസുവിചാരണ ചെയ്യുന്നതിനുള്ള കോടതിയുടെ ചിലവിനുവേണ്ടിയുള്ള സംഖ്യ അനുവദിയ്ക്കുവാൻ സാധ്യമല്ലെന്നു് അദ്ദേഹം പറയുന്നതു ശരിയാണ്. ഈ നില ഇങ്ങിനെ ഇരിക്കുന്നിടത്തോളംകാലം അവർ അതിനെ എതിർക്കും. ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളതു്, ഈ പ്രത്യേക കോടതിയുടെ ചിലവിനു കുറേകൂടി പണം വേണമെന്നാണ്. എന്നാൽ ഈ പ്രത്യേകകോടതി നടത്തുന്നതു് ആവശ്യമാണോ, അല്ലയോ എന്നാകുന്നു ഈ ആലോചനയ്ക്കു് അടിസ്ഥാനമായ സംഗതി. ഈ വിവാദവിഷയം ചുരുങ്ങി ഇങ്ങിനെയാണു വന്നിരിക്കുന്നതു്. അതായതു രാജേന്ദ്രമൈതാനസംഭവത്തെക്കുറിച്ചുള്ള കേസു എടുക്കാമോ, ആ കേസു വിചാരണ ചെയ്യണമോ വേണ്ടയോ എന്നു്. കേസുവിചാരണ ചെയ്യണമെങ്കിൽ അതിനു പ്രത്യേക കോടതി വേണമോ വേണ്ടയോ എന്നാണ്. ഇതിനു വേറൊരു പോംവഴി പറഞ്ഞതു കേസു വിചാരണചെയ്യണമെങ്കിൽ ഇന്നുള്ള കോടതി മതിയെന്നുള്ളതാണ്. ഇന്നുള്ള കോടതിയിൽ മറ്റുള്ള കേസുകളെപ്പോലെ ഒരു കേസായ് ഇതു വിചാരണചെയ്താൽ മതിയെന്നാണു പറയുന്നതു്. ഈ നിലയിൽ ഒരു പ്രത്യേകകോടതിയ്ക്കു പണം അനുവദിക്കാൻ പാടില്ലായെന്നുള്ളതാണ് അവരുടെ നില. ഈ നില ശരിയൊ, തെറ്റോ, എന്നാണു നോക്കേണ്ടതു്. ഇതു തെറ്റാണെന്നാണു എന്റെ അഭിപ്രായം. രാജേന്ദ്രമൈതാനത്തു നടന്ന അനിഷ്ടസംഭവങ്ങളുടെ ചുമതല ആരിലായാലും, അതിന്റെ കുറവാളികൾ ആരായിരുന്നാലും, അവിടെ ചെയ്ത കായ്ങ്ങൾ ന്യായപ്രകാരമായിരുന്നാലും അല്ലെങ്കിലും അവിടെ ചില അനിഷ്ടസംഭവങ്ങൾ നടന്നിട്ടുണ്ടു് എന്നുള്ളതു് ഏവരും തലകുലുക്കി സമ്മതിക്കുന്ന ഒരു സംഗതിയാണ്. അതു സംഭവിക്കാതിരുന്നെങ്കിൽ അത്രയും നന്നായിരുന്നു എന്നേ പൊതുജനങ്ങളുടെ ഗുണത്തെപ്പറ്റി ചിന്തിക്കുന്ന ഏതൊരാളും പറയുകയുള്ളൂ. അന്നു് ആ സംഭവം ഉണ്ടാകാതിരുന്നെങ്കിൽ അതു മഹാഭാഗ്യമായിരുന്നു. പക്ഷെ അതു നടന്നുപോയി. അതുകൊണ്ടു് ഇനിയെന്താണ് വേണ്ടതു് എന്നാണ് അതാലോചിക്കേണ്ടതു്. അവിടെനടന്ന യഥാർത്ഥസംഗതികളും എന്തൊക്കെയാണെന്നു കഴിയുന്നതും വേഗത്തിൽ അറിയേണ്ടതു് അത്യാവശ്യമാണെന്നു കൊച്ചിയിലെ ഏതൊരു പൌരനും സമ്മതിക്കാതിരിക്കുകയില്ല. അവിടെ നടന്ന സംഭവം അനിഷ്ടസംഭവമാണോ അല്ലയോ എന്നു മനസ്സിലാക്കേണ്ടതു് അത്യാവശ്യമാണ്. അതിനു ജോഡ്ജ് പാറക്കൽ പ്രീസൈയിഡുചെയ്യുന്ന കോടതി വേണമോ, മിസ്റ്റർ ശങ്കരമേനോൻ പ്രീസൈയിഡു ചെയ്യുന്ന കോടതി വേണമോ, അല്ലെങ്കിൽ വേറെചിലർ അഭിപ്രായപ്പെടുന്നതുപോലെ ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടെ പദവിയിലുള്ള ഒരാൾ അന്വേഷണം നടത്തണമോ, എന്നുള്ളതല്ല പ്രധാനകാര്യം. ഇതിനെപ്പറ്റി അന്വേഷണം നടത്തേണ്ടതു ആവശ്യമാണെന്നു സമ്മതിച്ചാൽ, അതിനുവേണ്ടി നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്നതിനും മറ്റുമായ പണം അനുവദിക്കണമോ എന്നാണ് ഇവിടത്തെ വിവക്ഷ. അതിനുവേണ്ട പണം വേണമെന്നു ഗവണ്മെണ്ടു പറയുന്നു. അതു കൊടുക്കാൻ പാടില്ലെന്നു പ്രതിപക്ഷ നേതാവു പറയുന്നു. ഇതിനു രണ്ടിനും മദ്ധ്യേയുള്ള ഒരു നിലയാണു ഞാൻ സ്വീകരിക്കുന്നതു്. ഈ വിഷയത്തെപ്പറ്റി അന്വേഷിക്കുന്നതിനു ചില നിബന്ധനയോടുകൂടി പണം അനുവദിച്ചുകൊടുക്കാമെന്നാണ് ഞാൻ പറയുന്നതു്. ഇതിനുവേണ്ടിയാണു പ്രധാനമന്ത്രിയോടു് ഇതിനെസംബന്ധിച്ചു ചില വിവരങ്ങൾ ഞാൻ ചോദിച്ചതു്; രാജേന്ദ്രമൈതാന സംഭവത്തെക്കുറിച്ചുള്ള കേസിന്റെ വിചാരണ തുടങ്ങിയൊ എന്നു ഞാൻ ചോദിച്ചതിനു ഉവ്വു് എന്നും, അതു തുടർച്ചയായി നടക്കുന്നുണ്ടോ എന്നു

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചതിന്നും ഉവ്വ് എന്നും ഉത്തരം പറഞ്ഞു. ഇനി ഈ കായ്ത്തിന്ന വേണ്ട ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തു് ഈ പണം അനുവദിക്കുക എന്നുള്ളതല്ലാതെ മറെറന്താണ് ഒരു ന്യായമായ വഴിയുള്ളതു്? പ്രതിപക്ഷനേതാവു് ഇതിനെ നിഷേധിക്കുമെന്നു തോന്നുന്നില്ല. നിങ്ങളുടെനില ശരിയാണെന്ന നിങ്ങൾ പറയുന്നുണ്ടെങ്കിൽ അതു ശരിയല്ലെന്ന പറയാനുള്ള അധികാരം മറവുള്ളവക്കുമുണ്ടു്. അതുകൊണ്ടു് ഈ അനിഷ്ടസംഭവത്തിന്റെ യഥാർത്ഥചിത്രം ഒരു കോടതിയുടെ അന്വേഷണഫലമായി കഴിയുന്നതും വേഗത്തിൽ കാണുവാൻ സകല ഒത്താശകളും ചെയ്യുകൊടുക്കേണ്ടതു കർത്തവ്യബോധമുള്ള ഏതൊരുഅന്റെയും ചുമതലയാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. അതിനാൽ ഈ കോടതിയുടെ പ്രവർത്തികം കഴിയുന്നതും വേഗത്തിൽ തീർക്കുവാനുള്ള നിർദ്ദേശം നല്കി, അതിന്റെ നടപടിക്രമത്തിൽ വല്ല വീഴ്ചയും വന്നിട്ടുണ്ടെങ്കിൽ അതു ചൂണ്ടി കാണിച്ചു് ഇല്ലായ്മ ചെയ്യാനുള്ള നിർദ്ദേശം നല്കി ഈ ധനാഭ്യർത്ഥന അനുവദിക്കണമെന്നുള്ള എന്റെ വിനീതമായ അഭിപ്രായം ഞാൻ ഈ സഭയുടെ മുമ്പാകെ വയ്ക്കുന്നു.

* മിസ്റ്റർ പി. നാരായണമേനോൻ: സർ, ഞാൻ എതിർപക്ഷ നേതാവിന്റെ അഭിപ്രായത്തെ ശക്തിയായി എതിർക്കുന്നു. ഇവിടെ വല്ലകായ്ത്തിന്നും പണം അനുവദിച്ചുകൊടുക്കണമെന്നുണ്ടെങ്കിൽ അതിൽ ആദ്യമായി ഈ കോടതിയുടെ ആവശ്യത്തിന്നുള്ള പണമാണ് അനുവദിച്ചുകൊടുക്കേണ്ടതു് എന്നാണ എന്റെ അഭിപ്രായം. രാജേന്ദ്രമൈതാന സംഭവത്തിന്നുള്ളിൽ ഉണ്ടായ സംഗതികം എന്തെല്ലാമാണെന്നു കഴിയുന്നതും വേഗത്തിൽ വ്യക്തമാക്കേണ്ട ആവശ്യം പൊതുജനങ്ങൾക്കും, ഈ നിയമസഭയ്ക്കും, ഗവർമ്മെണ്ടിനും ഉണ്ടെന്നു വിശ്വസിക്കുന്നവരിൽ ഒരുവനാണ ഞാൻ. രാജേന്ദ്രമൈതാന സംഭവത്തെക്കുറിച്ചു് എതിർകക്ഷിനേതാവു് പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ എന്തൊക്കെയാണെന്ന ഇവിടെ എല്ലാവക്കുമറിയാം. ആവക അഭിപ്രായങ്ങൾ അദ്ദേഹം പുറപ്പെടുവിച്ചതു കേട്ടപ്പോൾ എനിയ്ക്കുതോന്നിയതു് അദ്ദേഹം ഇത്രകാലം പ്രധാനമന്ത്രിയായി രാജ്യം ഭരിച്ചിരുന്ന കാബിനറിൽ എങ്ങിനെ കഴിച്ചുകൂട്ടിയെന്നാണു്. അദ്ദേഹത്തിന്നു് ഇവിടത്തെ കോടതികളെ വിശ്വാസമില്ല. അദ്ദേഹത്തിന്നു് ഇവിടത്തെ ഉദ്യോഗസ്ഥന്മാരെ വിശ്വാസമില്ല. അദ്ദേഹത്തിന്നു് ഇവിടത്തെ പോലീസിനെ വിശ്വാസമില്ല. അദ്ദേഹത്തിന്നു ഇവിടത്തെ പട്ടാളത്തെ വിശ്വാസമില്ല. അദ്ദേഹത്തിന്ന ഗവർമ്മെണ്ടിനോടു ബന്ധപ്പെട്ട ആരേയും വിശ്വാസമില്ല. ഇങ്ങിനെ ഗവർമ്മെണ്ടിനോടു ബന്ധപ്പെട്ട സകലരേയും അവിശ്വസിച്ചുകൊണ്ടു കഴിഞ്ഞ ഏറെ മാസം അദ്ദേഹം പ്രധാനമന്ത്രിയായി ഇവിടെ ഭരണം നടത്തിയതു് എങ്ങിനെയാണെന്നു് അദ്ദേഹത്തിനല്ലാതെ മറെറാക്കും ഊഹിക്കാൻകൂടി സാധ്യമല്ല. അതിന്നുപുറമെ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പലപല വിശേഷങ്ങളും ഉളവായതു നമുക്കനുഭവപ്പെട്ടിട്ടുണ്ടു്. പുതിയ കാബിനറു രൂപീകരിച്ചു് ഒന്നരമാസം കഴിയുന്നതിന്നുമുമ്പു്, ആ കാബിനറിനെ സഹായിക്കാമെന്നു് അതു രൂപീകരിച്ചകാലത്തു് ഉച്ചൈസ്വരം ഉൽഘോഷിച്ച എക്സ്പ്രധാനമന്ത്രിപുംഗവൻ അതിന്റെ പേരിൽ അവിശ്വാസപ്രമേയം കൊണ്ടുവരുകയുണ്ടായി. ആ അവിശ്വാസപ്രമേയം കൊണ്ടുവരാനുള്ളതിന അദ്ദേഹം കാണിച്ചതു രണ്ടു കാരണങ്ങളാണു്. അതിലൊന്നു രാജേന്ദ്രമൈതാനസംഭവത്തെക്കുറിച്ചു പരസ്യാന്വേഷണം വേണമെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തെ ചിലർ നിരസിച്ചു എന്നുള്ളതാണു്. മറെറതു വരുന്ന തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകുവാനുള്ള സംരംഭംഇപ്പോഴത്തെ കാബിനറിന്നുണ്ടെന്നുള്ളതാണു്. ഇതിൽ രണ്ടാമത്തെ കായ്ത്തിലുള്ള സംശയം അത്ഭുതാവഹമാണു്. കാബിനറു് രൂപീകരണം കഴിഞ്ഞു ഒന്നരമാസം കഴിയുന്നതിന്നുമുമ്പു്, ആ കാബിനറിലെ ആളുകൾക്കു് ഈ കൌൺസിലിന്റെ കാലാവധി നീട്ടിക്കൊണ്ടുപോകണമെന്നുള്ള ആഗ്രഹമില്ലെയെന്നാണു് സംശയിക്കുന്നതു്. അദ്ദേഹത്തിന്ന അങ്ങിനെ സംശയിക്കാൻ വേറൊരു കാരണമുണ്ടു്.

Mr. P. Sankara Menon *(Trichur-North)*: Sir, I rise on a point of order. How is this relevant to the particular topic under discussion?

Mr. President: Yes, I am following it.

മിസ്റ്റർ പി. നാരായണമേനോൻ: അതു ഞാൻ പറയാം. അദ്ദേഹത്തിന്റെ അഭിപ്രായത്തിന്നുള്ള വില എത്രത്തോളമുണ്ടെന്നുകാണിക്കുവാൻ അദ്ദേഹം മുമ്പു പറഞ്ഞിട്ടുള്ള

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Narayana Menon]

അഭിപ്രായങ്ങൾ ഒന്നു ദൃഷ്ടാന്തമായി എടുത്തു കാണിക്കുകയാണു് ഞാൻ ചെയ്യുന്നതു്. ഈ കൌൺസിൽ നീട്ടിക്കൊണ്ടുപോകാനുള്ള ആഗ്രഹം ഇന്നത്തെ ക്യാബിനറ്റിനുണ്ടെന്നു് അദ്ദേഹത്തിനു സംശയിക്കുവാൻ പ്രത്യേക കാരണമുണ്ടു്. ഇതിനുമുമ്പിലത്തെ കൌൺസിലിന്റെ കാലാവധി നീട്ടികിട്ടണമെന്നു ഹർജ്ജി എഴുതിയുണ്ടാക്കി അനേകം അംഗങ്ങളെക്കൊണ്ടു് അദ്ദേഹം ഒപ്പിടുവിച്ചു് അയച്ചിട്ടുണ്ടു്.

Mr. President: How is this relevant to this matter?

മിസ്റ്റർ പി. നാരായണ മേനോൻ: അദ്ദേഹത്തിന്റെ അഭിപ്രായത്തിനു എത്രത്തോളം വിലയുണ്ടെന്നു കാണിക്കുവാൻ ഉദാഹരണം പറയുകയാണു. അന്നു ചില ബ്ലെയിഡും മറ്റും സമ്മാനം കിട്ടിയിട്ടുണ്ടു്. അങ്ങിനെയുള്ള ഒരാൾ ത്രപീകരണം കഴിഞ്ഞിട്ടു് ഒന്നരമാസം കഴിഞ്ഞ ഒരു ക്യാബിനറ്റിനെക്കുറിച്ചു് ഇങ്ങിനെ സംശയിക്കുവാൻ വഴിയുണ്ടു്. ഒരാൾ ട്രെഷറിയുടെ മുമ്പിൽക്കൂടി നടന്നപ്പോൾ, രണ്ടുമൂന്നു പ്രാവശ്യം ട്രെഷറിയിലേക്കുനോക്കിക്കൊണ്ടു് അതിലെ പോയപ്പോൾ, അയാൾ പണം അപഹരിക്കുമോ എന്നു സംശയം പുറപ്പെടുവിച്ച എക്സ് പ്രധാനമന്ത്രിയാണു് ഈ ധനാഭ്യർത്ഥന തള്ളിക്കളയേണ്ടതാണെന്നു് അഭിപ്രായം പറപ്പെടുവിച്ചതു്. അദ്ദേഹത്തിനു ഇങ്ങിനെയുള്ള അഭിപ്രായം പുറപ്പെടുവിയ്ക്കാതിരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ഈ കാരണത്തിന്മേലാണു് അദ്ദേഹത്തിന്റെ മന്ത്രിസ്ഥാനം രാജിവെച്ചതു്.

Mr. P. T. Jacob *(Latin Christian-Mattancheri):* I want a ruling Sir, whether the Hon'ble Member says is relevant to the matter.

Mr. President: He has said something, which I am listening to him and it is irrelevant. There is no ruling for it. The Hon'ble Member will speak relevantly.

മിസ്റ്റർ പി. നാരായണമേനോൻ: ഈ ധനാഭ്യർത്ഥന തള്ളിക്കളയുന്നതു തെറ്റാണെന്നു് ഞാൻ ആയിരം പ്രാവശ്യം ആവർത്തിച്ചാൽ മതിയോ ?

Mr. P. T. Jacob *(Latin Christian-Mattancheri):* I rise on a point of order, how this is relevanat to the subject matter ?

Mr. President: The Hon'ble Member will speak on the subject matter.

മിസ്റ്റർ പി. നാരായണമേനോൻ: സർ, ധനാഭ്യർത്ഥന തള്ളിക്കളയുന്നതിനു കൊണ്ടുവന്ന ന്യായങ്ങൾ ശരിയല്ലെന്നു സ്ഥാപിക്കുവാനുള്ള ന്യായങ്ങൾ പറയാൻ എനിക്കനുവാദം തരണം.

മിസ്റ്റർ പ്രസിഡണ്ടു്: ന്യായം പറയുന്നതു് relevant ആണോ എന്നു തീരുമാനിക്കാനുള്ള അധികാരം Chair-നു ഉള്ളതാണു്.

മിസ്റ്റർ പി. നാരായണമേനോൻ: എന്റെ അഭിപ്രായത്തിൽ രാജേന്ദ്രമൈതാനസംഭവത്തെക്കുറിച്ചു് അന്വേഷിക്കുന്നതിനു നിയമിതമായിട്ടുള്ള കോടതിയുടെ ചിലവിനുള്ള ധനാഭ്യർത്ഥന ഒരിക്കലും തള്ളിക്കളയുവാൻ പാടില്ല. അവിടെ നടന്ന അനിഷ്ടസംഭവത്തിൽ പലരും പെട്ടിട്ടുണ്ടു്. പലർക്കും അതിൽ ആക്ഷേപമുണ്ടു്. ഇതിനുള്ള യഥാർത്ഥകാരണമെന്താണു്, ആരെല്ലാം ഇതിൽ ശിക്ഷാർഹരാണു്, ആരെല്ലാം ഇതിൽ നിർദ്ദോഷികളാണു്, ഈ വക സംഗതികളെല്ലാം വ്യക്തമാക്കാൻ ഒരു കോടതിവഴിക്കാണു സാധിക്കുക. അതിനുവേണ്ടി നിയമിതമായിട്ടുള്ള ഒരു കോടതിയുടെ ചിലവിനുവേണ്ടിയാണു് ഈ ധനാഭ്യർത്ഥന കൊണ്ടുവന്നിരിക്കുന്നതു്. ഈ ധനാഭ്യർത്ഥന തള്ളിക്കളയുകയാണെന്നുണ്ടെങ്കിൽ, മറ്റെങ്കിലും കോടതിവഴിക്കു് ഒരന്വേഷണം നടത്തുകയാണെങ്കിൽ, അവിടെ അനേകം കേസുകൾ ഉള്ളതുകൊണ്ടു് ഇതു നീണ്ടുപോകുന്നതിനും അങ്ങിനെ ഇതിന്റെ യാഥാർത്ഥ്യം മുഴുവൻ അറിയുന്നതിനു താമസം നേരിടുന്നതിനും ഇടയുള്ളതുകൊണ്ടു് ഈ കേസ് അന്വേഷിക്കുന്നതിനുമാത്രം ഇങ്ങിനെ ഒരു കോടതിയുണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്നും അതിന്റെ ചിലവിലേക്കു് ഒരു സംഖ്യ അനുവദിക്കേണ്ടതാണെന്നുമാണു് എന്റെ അഭിപ്രായം. ഇതു് ഒരിക്കലും നീട്ടിക്കൊണ്ടുപോകുവാൻ പാടില്ലാത്തതാണു്. കാരണം മറ്റു ലാത്തിച്ചാർജ്ജുകൾപോലെയുള്ള ഒരു ലാത്തിച്ചാർജ്ജു് അല്ല അവിടെ നടന്നതു്. അന്തിക്കാട്ടു് ലാത്തിച്ചാർജ്ജു് നടന്നിട്ടുണ്ടു്, തേവര ലാത്തിച്ചാർജ്ജു് നടന്നിട്ടുണ്ടു്, തൃശൂരിൽ ലാത്തിച്ചാർജ്ജു് നടന്നിട്ടുണ്ടു്, കൊച്ചിയിൽ ലാത്തിച്ചാർജ്ജും വെടിവെപ്പും നടന്നിട്ടുണ്ടു്. അവിടെയെല്ലാം സാധ

LIBRARY ARCHIVES Kerala Legislative Assembly

ക്കളാണ് തല്ലുകൊണ്ടിട്ടുള്ളതു്. എന്നാൽ ഇവിടെ അങ്ങിനെയല്ല. ഇവിടെ, ഇവിടത്തെ ടൌൺ പ്രജാമണ്ഡലം കമ്മിറ്റി പ്രസിഡണ്ടും, ഒരു തമ്പുരാന്റെ പുത്രനുമായ ഒരാളും ഉൾപ്പെടെ അനേകം മുതലാളികളും, പണക്കാരും, ജന്മികളും മറ്റും തല്ലുകൊണ്ടിട്ടുണ്ടു്.

Mr. President: I am sorry that the Hon'ble Member has taken it in that absurd light.

മിസ്റ്റർ പി. നാരായണമേനോൻ: മറ്റു ദിക്കുകളിൽ സാധുക്കളായിട്ടുള്ള തൊഴിലാളികളും കൃഷിക്കാരുമാണു് തല്ലുകൊണ്ടിട്ടുള്ളതും ബുദ്ധിമുട്ടുകളും അനുഭവിച്ചിട്ടുള്ളതും, എന്നാൽ ഇവിടെ അങ്ങിനെയല്ല. ഇങ്ങിനെയുള്ള ആളുകൾകൂടി ഉൾപ്പെട്ടിട്ടുണ്ടെന്നു് കാണിക്കുന്നതിനു വേണ്ടിയാണു് ഇതു പറഞ്ഞതു്. ഇങ്ങിനെയുള്ള ആളുകൾ ഉൾപ്പെട്ടതുകൊണ്ടാണു് ഇതു നമ്മുടെ എക്സ് പ്രധാനമന്ത്രിയുടെ ഹൃദയത്തിൽ തട്ടുന്ന ഒരു സംഗതിയായി രൂപാന്തരപ്പെട്ടതു്. അതുകൊണ്ടാണു് ഇതിനെക്കുറിച്ചു് ഒരന്വേഷണം വേണമെന്നു പറയുന്നതു്. പരസ്യാന്വേഷണം എന്നുള്ളതു് എന്താണെന്നു് ഇനിയും അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. പരസ്യാന്വേഷണം വേണം എന്നാവർത്തിക്കുകയല്ലാതെ, എന്താണു് ഈ പരസ്യാന്വേഷണം, ആരാണു് ഇതു് നടത്തേണ്ടതു്, ആരെയാണു് ഇതിനു നിയമിക്കേണ്ടതു്, എങ്ങിനെയാണു് അന്വേഷിക്കേണ്ടതു് ഈവക സംഗതികളൊന്നും വ്യക്തമാക്കീട്ടില്ല. അന്വേഷിക്കാനുള്ള ആളുകളെ ആരാണു് നിയമിക്കേണ്ടതു്, അവരെ തിരഞ്ഞെടുക്കുകയാണെങ്കിൽ എവിടെനിന്നാണു തിരഞ്ഞെടുക്കേണ്ടതു്, അവർ അന്വേഷണം സംബന്ധിച്ചു റിപ്പോർട്ടു ചെയ്യുകയാണെങ്കിൽ അതിനുള്ള വിലയെന്താണു്, അതനുസരിച്ചു കുറ്റക്കാരായ കക്ഷികളെ ശിക്ഷിക്കണമോ, നിർദ്ദോഷികളെ വിട്ടയക്കണമൊ, അതോ പിന്നിടു് അതിനു വേണ്ടി അതു കോടതിയിൽ വിസ്തരിച്ചു തീരുമാനമുണ്ടാക്കണമൊ, ഈവക കാര്യങ്ങൾ യാതൊന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ഈവക കാര്യങ്ങൾ വ്യക്തമാക്കാതെ പരസ്യാന്വേഷണം വേണമെന്നു പറഞ്ഞാൽ അതിനർത്ഥമില്ല. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ ഇതിൽ പെട്ടിട്ടുള്ള ആളുകളിൽ ആരെല്ലാം നിർദ്ദോഷികളാണു്, ആരെല്ലാം ശിക്ഷാർഹരാണു് എന്നു വ്യക്തമാക്കാൻ ഗവണ്മെണ്ടു് ഒരു സ്പെഷൽ കോടതി രൂപീകരിച്ചതിൽ ഗവണ്മെണ്ടിനോടെല്ലാവരും നന്ദിയുള്ളവരാണു്. ഈ നിലയിൽ ഈ ധനാഭ്യർത്ഥന തള്ളിക്കളയണമെന്നുള്ള അഭിപ്രായത്തെ ഞാൻ ശക്തിയായി എതിർക്കുകയും, അതു അനുവദിച്ചു കൊടുക്കേണ്ടതാണെന്നു് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

Mr. M. K. Raja *(Mulakunnathukavu)*: The matter is subjudice, Sir.

Mr. President: Order. I request the Hon'ble Advocate-General to mention if there is anything subjudice in it to draw my attention.

Mr. P. Raman Menon *(Advocate-General)*: I don't think so far anything wrong with it.

Mr. President: If there is anything subjudice you may bring it to my notice.

Mr. S. P. Luiz *(Nominated)*: Sir, I feel confident that the nature of this demand has been the nucleus of a very vital question that occurred in the last meeting that is the Rajendramaidan incident. I have only one observation to make along with the general principle, that the system conducted, the method adopted in treating such a vital issue has been far away from satisfactory and pleasing to the public. But giving me a fair chance once all over again, I support this demand and sincerely trust that in future such an incident will never take place.

റാവുബഹദൂർ ടി. കെ. നായർ: എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ലൂയീസ്സു് പറഞ്ഞതുപോലെ മാത്രമെ ഞാനും പറയുന്നുള്ളു. ഈ ആവശ്യത്തിനുവേണ്ടി ഒരു സ്പെഷൽ കോർട്ടു വച്ചിട്ടുണ്ടു്. വളരെ വേഗത്തിൽ കേസുകൾ തീരുമാനംചെയ്യു് അതിൽ കുറ്റക്കാരാരെങ്കിലുമുണ്ടെങ്കിൽ അവരുടെ പേരിൽ നടപടി നടത്തണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ സ്പെഷൽ കോർട്ടുവച്ചിട്ടുള്ളതു്. അതുകൊണ്ടു് കാലം ദീർഘിപ്പിക്കാതെ day to day hearing വച്ചു ഇതു അവസാനിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ ഡിമാൻഡു് പാസാക്കിതന്നാൽ കൊള്ളാമെന്നു അഭ്യർത്ഥിക്കുന്നു.

Mr. President: The question is that a sum of Rs. 3,500 under "20—Law and Justice—(c) Criminal Justice" be granted to Government.

Demand put and carried

(4) 22-Police—Stipend for Training Police—Sub-Inspectors and Sergeants

Rao Bahadur T. K. Nayar *(Prime Minister)*: I move that an allotment of Rs. 11,000 under "22-Police—Stipend for Training—Police Sub-Inspectors and Sergeants" be granted.

LIBRARY ARCHIVES Kerala Legislative Assembly